പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 567 05.06.2018 ൽ മറുപടിക്ക്.

പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിൽ നിന്നുള്ള വരുമാനം

| ചോദ്യം<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെട്രോൾ, ഡീസൽ എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2018 മെയ് മാസം പെട്രോളിൽ നിന്ന് 288 കോടി രൂപയും ഡീസലിൽ നിന്ന് 317 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാർ പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.യുടെ പരിധിയിൽ കൊണ്ടുവന്നാൽ സംസ്ഥാന സർക്കാരിനെ അത് ഏതു തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി യിൽ ഉള്ള ഏറ്റവും ഉയർന്ന നിരക്ക് 28% ആണ്. സംസ്ഥാന വിഹിതം 14 ശതമാനവും. ആയതിനാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുന്നതാണ്. |
| (സി) | പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.യുടെ പരിധിയിൽ ഉൾപ്പെടുത്തിയാൽ പ്രസ്തുത ജി.എസ്.ടി. നിരക്കിനുപുറമെ അധിക നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടിയുടെ പരിധിയിൽ വരുന്ന ചരക്കുകൾക്ക്, നികുതിയ്ക്ക് പുറമെ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള അധികാരം ജി.എസ്.ടി കൗൺസിലിന്റെ ശിപാർശ പ്രകാരം സംസ്ഥാന/ കേന്ദ്ര ഗവൺമെന്റുകൾക്ക് സാദ്ധ്യമാണ്. |

സെക്ഷൻ ഓഫീസർ